## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*519 — 06.07.2012-ൽ മറുപടിക്ക്

## അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുടിയേറ്റത്തൊഴിലാളികൾക്കും ക്ഷേമനിധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം. പി. വിൻസെൻറ്<br>ശ്രീ. പി.സി. വിഷ്ണുനാഥ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അസംഘടിത മേഖലയിലെ തൊഴിലാളികളേയും കുടിയേറ്റ തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയും കുടിയേറ്റ തൊഴിലാളികൾക്കായി കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയും നിലവിലുണ്ട്. പ്രസ്തുത ക്ഷേമപദ്ധതികളിലൂടെ Support for Unorganised Sector of Labour, ഗാർഹിക തൊഴിലാളികളുടെ ക്ഷേമ പദ്ധതി,അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യം, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് സാമ്പത്തിക താങ്ങൽ പദ്ധതി, അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം, അന്യ സംസ്ഥാന തൊഴിലാളികൾക്കായി പുനരധിവാസ പദ്ധതി, മിനിമം വേതനം ഉറപ്പാക്കൽ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇവർക്ക് സംരക്ഷണം നൽകുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതിനായി നിർബന്ധിത രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത പദ്ധതിയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) നിർബന്ധിത രജിസ്ട്രേഷൻ നിയമം നടപ്പിൽ വരുത്തുന്നതിനും അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ സ്കീം എന്നിവ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ മേഖലയിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിർബന്ധമായും ബാങ്കുകളിലൂടെ നൽകുന്നതിനും ഓരോരുത്തർക്കും പ്രത്യേകം തിരിച്ചറിയൽ നമ്പരും ആനുകൂല്യങ്ങളും നൽകുന്നതിനായി സ്മാർട്ട് കാർഡ് നൽകുന്നതിനും ആലോചിച്ചു വരുന്നു. ഇതിനായി ആധാർ, ഐ.ടി.മിഷൻ എന്നിവരുമായി ചർച്ച നടന്നുവരുന്നു. കൂടാതെ ഈ മേഖലയിലെ കുറഞ്ഞ വേതനം ഉറപ്പാക്കുന്നതിനായി ഇ-പേയ്മെൻറ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ആഫീസർ